IVO/4/PKD/10/2023

ജോയിൻറ് ഡയറക്ടറുടെ കാര്യാലയം

തദ്ദേശ സ്വയംഭരണ വകുപ്പ്,

പാലക്കാട് – 10/11/2023

പ്രേഷകൻ

ഹരേഷ്. കെ. ഡി

കൺവീനര്

പരാതി പരിഹാര അദാലത്ത്

ഉപജില്ലാ സമിതി-5, പാലക്കാട്

സ്വീകർത്താവ്

സെക്രട്ടറി

പുതുനഗരം ഗ്രാമപഞ്ചായത്ത്

പുതുനഗരം

സർ,

വിഷയം:. പുതുനഗരം ഗ്രാമപഞ്ചായത്ത്- ഉപജില്ലാ അദാലത്ത് പരാതി മറുപടി നല്കുന്നത് സംബന്ധിച്ച്.

സൂചന : ശ്രീമതി. റഷീദ, റഷീദ മൻസില്, പുതുനഗരം, എന്നവരുടെ പ്രവാസി ഓട്ടോ മൊബൈൽ സ്ഥാപനത്തിന് എതിരേയും, ശ്രീ. ബിനു, ഹരിതം, കരിപ്പോട് പുതുനഗരം എന്നവരുടെ കെട്ടിട ഉടമസ്ഥാവകാശം മാറ്റൽ പരാതികൾ സംബന്ധിച്ച്

മേൽ സൂചന പ്രകാരം ഉള്ള പരാതികൾ കൺവീനരായ ഞാനും, അദാലത്ത് ഉപജില്ലാ സമിതി അംഗങ്ങളായ ശ്രീമതി. ജഗദാംബിക, അസി. ടൌൺ പ്ലാനർ, ശ്രീ. ഗോപകുമാർ, അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത്

എന്നിവരും 10.10.2023 തിയതിയിൽ പുതുനഗരം ഗ്രാമപഞ്ചായത്തിൽ ഇരുകൂട്ടരേയും നേരിട്ട് വിളിപ്പിക്കുകയും , സ്ഥല പരിശോധന നടത്തുകയും ചെയ്തതാണ്.

പ്രവാസി ഓട്ടോ മൊബൈൽ സ്ഥാപനത്തിന് നിലവിൽ കോടതി ഉത്തരവ് പ്രകാരം സ്റ്റേ ഉള്ളതിനാൽ കോടതിയുടെ അന്തിമ തീരുമാനത്തിന് വിധേയമായി മാത്രമാണ് തീരുമാനം കൈക്കൊള്ളുന്നതിന് സാധ്യമാകുകയുള്ളു എന്ന് ഉപജില്ലാ അദാലത്ത് സമിതി തീരുമാനമെടുത്ത വിവരവും, ശ്രീ. ബിനു, ഹരിതം, കരിപ്പോട് എന്നവരുടെ കെട്ടിടം മുകളിൽ റസിഡൻഷ്യൽ ആയും, താഴെ കമേഴ്സ്യലുമായി ഉപയോഗിച്ച് വരുന്നതായി സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. എന്നാൽ പഞ്ചായത്ത് അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം രണ്ട് നമ്പരിൽ താഴത്തെ നമ്പർ ടിയാന് കൈമാറിയ മുൻ ഉടമസ്ഥന്റെ പേരിൽ കാണുന്നു. എന്നാൽ പരാതിക്കാരന്റെ പേരിൽ ഉള്ള ആധാരത്തിൽ ഒരു നമ്പർ മാത്രമേ സൂചിപ്പിക്കുന്നുള്ളൂ. ആയതിനാൽ ഇത് പരിഹരിക്കുന്നതിന് നിയമപരമായ നടപടി സ്വീകരിക്കുന്നതിന് താങ്കളോട് ഉപജില്ലാ അദാലത്ത് സമിതി നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ

(ഒപ്പ് )

ഹരേഷ്. കെ.ഡി

കൺവീനർ
പരാതി പരിഹാര അദാലത്ത്
ഉപജില്ലാ സമിതി-5, പാലക്കാട്